# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. **1356**

30/01/2018-ൽ
മറുപടിയ്ക്ക്

## പുനർവിന്യസിക്കപ്പെട്ട ജൂനിയർ ലക്ചറർമാർ

**ചോദ്യം**

**മറുപടി**

ശ്രീ.വി.കെ.സി.മമ്മത് കോയ :

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജുകളിൽ നിന്നും പ്രീ-ഡിഗ്രി വേർപെടുത്തി സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകളാക്കി മാറ്റിയത് ഏതു വർഷത്തിലാണെന്ന് അറിയിക്കുമോ; | (എ) | 1999 |
| (ബി) | ഇപ്രകാരം വേർപെടുത്തിയ കോളേജുകളിലെ (സർക്കാർ/എയ്ഡഡ്) ജൂനിയർ ലക്ചറർമാരായ അധ്യാപകരെ സ്കൂളുകളിലേക്ക് പുനർവിന്യസിച്ചിട്ടുണ്ടോ; | (ബി) | സർക്കാർ കോളേജുകളിൽ നിന്നും പുനർവിന്യസിച്ചിട്ടില്ല. എന്നാൽ എയ്ഡഡ് കോളേജുകളിൽ പുനർ വിന്യസിച്ചിട്ടുണ്ട്. |
| (സി) | ഇതിൽ ചില അധ്യാപകർ പ്രൊമോഷൻ ലഭിച്ചും നേരിട്ട് നിയമനം ലഭിച്ചും കോളേജുകളിൽ ലക്ചറർ തസ്തികയിൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; | (സി) | സർക്കാർ കോളേജുകളുമായി ബന്ധപ്പെട്ട് ബാധകമല്ല. എയ്ഡഡ് മേഖലയിൽ പ്രവേശിച്ചിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം തിരികെ ജോലിയിൽ പ്രവേശിച്ച അധ്യാപകരുടെ ഗ്രേഡ്, ഇൻക്രിമെന്റ്, സീനിയോറിറ്റി എന്നിവ നിർണ്ണയിക്കുവാൻ അവരുടെ മുൻകാല സേവനം പരിഗണിക്കുവാൻ സാധിക്കുമോ? | (ഡി) | യു.ജി.സി യോഗ്യതകൾ ഉള്ള അധ്യാപകർ ജോലി ചെയ്തിരുന്ന മാതൃസ്ഥാപനത്തിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ മടങ്ങി വന്നതിനുശേഷം യു.ജി.സി പേ റിവിഷൻ ഓർഡർ ജി.ഒ(പി) നം.58/2010/ഉ.വി.വ തീയതി 27.03.2010 പ്രകാരമുള്ള നിബന്ധനകളും വ്യവസ്ഥകളും ബാധകമാക്കി സർവ്വീസ് ആനുകൂല്യങ്ങൾ നല്കി വരുന്നു. തിരികെ വന്നവരിൽ ജൂനിയർ ലക്ചറർമാരായി തുടരുന്നവർക്ക് (യു.ജി.സി യോഗ്യത നേടാത്തവർ) സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ഗ്രേഡ് പ്രൊമോഷൻ, ഇൻക്രിമെന്റ് എന്നീ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. |

**സെക്ഷൻ ഓഫീസർ**